## POLICY ON INTRA DISTRICT TRANSFER
## (ഒരേ ജില്ലയിൽ വീട്ടിനടുത്തുള്ള സ്ഥാപനത്തിലേക്കുള്ള സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ)

- സ്വന്തം ജില്ലയിൽ 30 Km ൽ കൂടുതൽ ദൂരത്ത് ജോലി ചെയ്യുന്നവരെ മാത്രമേ സ്ഥലം മാറ്റത്തിനായി പരിഗണിക്കുകയുള്ളൂ.

- സീനിയോറിറ്റി പ്രകാരം ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരും ഒരു സ്ഥാപനത്തിൽ ഒരു വർഷം സ്ഥിരമായി ജോലി ചെയ്യുന്നതുമായ വിമുക്തഭടന് ആദ്യ പരിഗണന നൽകുന്നതാണ്.

- താഴ്ന്ന വേതനത്തിൽ ജോലി ചെയ്യുന്നവർക്കും മെഡിക്കൽ കേസുകളിൽ ജോലി നേടിയവർക്കും ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ നൽകാവുന്നതാണ്.

- Out of Turn വ്യവസ്ഥയിൽ ജോലി നേടിയിട്ടുള്ളവരിൽ മെഡിക്കൽ കേസുകൾക്ക് രണ്ടാമത്തെ പരിഗണന നൽകാവുന്നതാണ്. എങ്കിലും ഇവർ ഒരു വർഷം ഒരു സ്ഥാപനത്തിൽ സ്ഥിരമായി ജോലി ചെയ്തിരിക്കണം. Default List-ൽ പെട്ടയാളെ ഒരിക്കലും പരിഗണിക്കുകയില്ല.

- ചികിത്സ സംബന്ധമായ കാരണങ്ങളാലോ മറ്റ് ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാലോ ജോലി ഉപേക്ഷിച്ചതിനു ശേഷം പുനർവിന്യാസം നേടിയാൽ അവരുടെ മുൻകാല സർവ്വീസ് (വിശ്വസനീയമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക്) സ്ഥലം മാറ്റത്തിനായി പരിഗണിക്കാവുന്നതാണ്. എന്നാൽ ബോർഡ് ഡീബാർ ചെയ്തവരെയും സ്ഥാപനങ്ങളിൽ നിന്നും അച്ചടക്ക രാഹിത്യപരമായ കാരണങ്ങളാൽ മാറ്റി നിർത്തപ്പെട്ടവരെയും സ്ഥലം മാറ്റത്തിനായി പരിഗണിക്കുകയില്ല.

- ഒരേ സ്ഥാപനത്തിലേക്ക് ഒന്നിൽകൂടുതൽ അപേക്ഷകൾ ലഭിച്ചാൽ ആദ്യം ഒരു വർഷം പൂർത്തിയാക്കിയവർക്ക് ആദ്യ പരിഗണന നൽകാവുന്നതാണ് (മെഡിക്കൽ കേസുകൾ ഒഴികെ).

- ഇത്തരത്തിലുള്ള സ്ഥലം മാറ്റങ്ങൾ പ്രധാന തൊഴിലുടമയുടെ താല്പര്യപ്രകാരം പരിഗണിക്കുന്നതല്ല. KMML, IREL എന്നീ സ്ഥാപനങ്ങളിൽ മൈനിംഗ് ഏരിയയിൽ ഉള്ളവരാണെന്നുള്ള സാക്ഷ്യപ്പെടുത്തൽ നൽകുന്നവരെ പരിഗണിക്കാവുന്നതാണ്.

- പ്രധാന തൊഴിലുടമയുടെ നാമനിർദ്ദേശപ്രകാരം ജോലി നേടിയ വിമുക്തഭടനെ സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതല്ല.

- ഒരു ജില്ലയിലെ അതിർത്തിയിലുള്ളവരെ തൊട്ടടുത്ത ജില്ലയിലേക്ക് സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതല്ല.

- ഒരു മാസം മുൻപെങ്കിലും സ്ഥലം മാറ്റത്തിനുള്ള അപേക്ഷ നൽകിയിരിക്കണം. ഒഴിവ് റിപ്പോർട്ട് ചെയ്ത് മെയിൽ സന്ദേശം നൽകിയതിന് ശേഷം ആ ഒഴിവിലേക്ക് സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതല്ല.

- ഒഴിവ് വരുന്ന മുറയ്ക്ക് പകരക്കാരെ കിട്ടിയാൽ മാത്രമേ മുകളിൽ പറഞ്ഞ നിയമനങ്ങൾ പരിഗണിക്കുകയുള്ളൂ.

- ഇത്തരം സ്ഥലം മാറ്റങ്ങൾക്കുള്ള കാലാവധി മൂന്ന് വർഷത്തേയ്ക്ക് മാത്രമായിരിക്കും.

KERALA STATE EX-SERVICEMEN DEVELOPMENT AND REHABILITATION CORPORATION
Thiruvananthapuram
Pin - 695014

ജി. എസ്. സുരഭി
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
(ഡെപ്യൂട്ടി സെക്രട്ടറി)
കേരള സംസ്ഥാന വിമുക്തഭട
ക്ഷേമ പുനരധിവാസ കോർപ്പറേഷൻ
തിരുവനന്തപുരം – 695 014
പെൻ നം: 101573